# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നം.99 26.09.2011-ൽ മറുപടിയ്ക്ക്.

### സർക്കാർ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ നടപടി

*ചോദ്യം*

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

*ഉത്തരം*

ശ്രീ. ഉമ്മൻ ചാണ്ടി

(ബഹു. മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (എ) | സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ തീവ്രഫയൽ തീർപ്പാക്കൽ പദ്ധതി സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തുകയും അതുപ്രകാരം സെക്രട്ടേറിയറ്റ് ഉൾപ്പെടെ വിവിധവകുപ്പുകളിൽ 30.06.2011-ൽ നിലവിലുണ്ടായിരുന്ന 16,87,888 പഴയ ഫയലുകളിൽ 6,09,969 ഫയലുകൾ 31.08.2011-വരെ തീർപ്പാക്കി. 100 ദിന പരിപാടിയ്ക്ക് ശേഷം തീവ്ര ഫയൽ തീർപ്പാക്കൽ പദ്ധതി സെപ്റ്റംബർ 30 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം ഓരോ രണ്ടാഴ്ചയിലും പുരോഗതി റിപ്പോർട്ടുകൾ വാങ്ങി അവലോകനം ചെയ്ത് റിവ്യൂ നടത്തി അതിലൂടെ ബന്ധപ്പെട്ടവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു. ഇതിന് പുറമേ പ്രതിമാസ പ്രവർത്തനാവലോകന പത്രികകളും വാങ്ങി റിവ്യൂ നടത്തി ബന്ധപ്പെട്ട വകുപ്പുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. |
| (ബി) | ഫയലുകൾ തീർപ്പാക്കുന്നതിന് ജില്ലാതലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ബി) | കാലപ്പഴക്കമുള്ളതും നിയമപരമായി തടസ്സമില്ലാത്തതുമായ എല്ലാ ഫയലുകളും 2011 സെപ്റ്റംബർ 30ന് മുൻപ് അതാത് ജില്ലാ മേധാവികളുടെ നേതൃത്വത്തിൽ തീവ്രഫയൽ തീർപ്പാക്കൽ അദാലത്തുകൾ നടത്തി തീർപ്പാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ